പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1161 — 03.12.2018-ൽ മറുപടിയ്ക്ക്

## കെ.എസ്.ടി.പി.യുമായി ബന്ധപ്പെട്ട ആർബിട്രേഷൻ ട്രൈബ്യൂണൽ വിധി

**ചോദ്യം**

**ശ്രീ.ഷാഫി പറമ്പിൽ**

**മറുപടി**

**ശ്രീ.ജി.സുധാകരൻ**

**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) കെ.എസ്.ടി.പി. ഒന്നാം ഘട്ട പദ്ധതി നടത്തിപ്പിൽ സർക്കാരിനുണ്ടായ വീഴ്ചയുമായി ബന്ധപ്പെട്ട് മലേഷ്യൻ കമ്പനിയായ പതിബെല്ലിന് എന്ത് തുക നഷ്ടപരിഹാരം നൽകുവാനാണ് 2015 നവംബറിൽ ആർബിട്രേഷൻ ട്രൈബ്യൂണൽ വിധിച്ചിരുന്നത്;

(ബി) പ്രസ്തുത തുകയുടെ പലിശ കൂടി നൽകുന്നതിന് വിധിയുണ്ടോ; ഈ പലിശ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(എ) & (ബി) 15/05/2015 ൽ ബഹുമാനപ്പെട്ട ആർബിട്രേഷൻ ട്രൈബ്യൂണൽ 12,87,32,146/- രൂപ മൊത്തം നൽകണമെന്നും പ്രസ്തുത തുക മൂന്ന് മാസത്തേയ്ക്ക് 12% പലിശയും അതിനു ശേഷം 18% പലിശയും നൽകുവാൻ അവാർഡ് പാസാക്കുകയും ചെയ്തു. എന്നാൽ മേൽപറഞ്ഞ തുക ട്രൈബ്യൂണൽ കണക്ക്കൂട്ടിയതിൽ തെറ്റ് ഉണ്ടെന്ന് "പതിബെൽ" പരാതിപ്പെടുകയും വാദം കേട്ടതിനു ശേഷം 03/11/2015 – ലെ ഉത്തരവ് പ്രകാരം 12,87,32,146/- നു പകരം 16,13,27,463/- ആയിരുന്നു എന്നും വിധിയ്ക്കുകയുണ്ടായി.

(സി) പലിശ നൽകാത്തതിനാൽ കെ.എസ്.ടി.പി.യുടെ ഏതെങ്കിലും ബാങ്ക് അക്കൗണ്ട് മരവിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

(സി) മേൽ പറഞ്ഞ 16,13,27,463/- രൂപ 29/01/2018 ൽ നൽകുകയും ചെയ്തു. എന്നാൽ മുഴുവൻ പലിശയും നൽകിയിട്ടില്ല എന്ന കാരണത്താൽ "പതിബെൽ" നൽകിയ എക്സിക്യൂഷൻ പെറ്റീഷൻ നമ്പർ ഇപി-453/2016 ൽ വിധിയിൽ എറണാകുളം ജില്ലാകോടതി കെ.എസ്.ടി.പി.യുടെ അക്കൗണ്ടിൽ നിന്നും 8,03,98,928/- രൂപ അറ്റാച്ച് ചെയ്യുന്നതിന് 08/07/2018 ൽ ഉത്തരവായിട്ടുണ്ട്. വിധി പ്രകാരം നൽകുവാനുള്ള 5,68,46,000/- രൂപ നൽകുന്നതിന് G.O(Rt) No.9308/2018/FIN. Dated 09/11/2018 പ്രകാരം ഉത്തരവായിട്ടുണ്ട്. കെ.എസ്.ടി.പി യുടെ അക്കൗണ്ടുകൾ ഒന്നും മരവിപ്പിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ